# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035

**ഫോൺ:** 04712302490 **ഫാക്സ്:** 04712303025/20303080

ഇ-മെയിൽ : dhskerala@gmail.com വെബ്സൈറ്റ്: www.dhs.kerala.gov.in


## ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ (എ&റ്റി) നടപടിക്രമം

വിഷയം: ആരോഗ്യവകുപ്പ് - ജീവനക്കാര്യം - ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1 തസ്തികയിലേക്ക് സ്ഥാനകയറ്റവും സ്ഥലംമാറ്റവും നൽകി ഉത്തരവാകുന്നു.

പരാമർശം: 1. സ.ഉ.(സാധാ) നം 1662/2017/ ആ.കു.വ. തീയതി 14.06.2017.

2. സ.ഉ.(സാധാ) നം 05/2018/ ആ.കു.വ. തീയതി 02.01.2018.
3. ഉത്തരവ് നം. എഫ്.ഡബ്ലിയു.എ4 -19888/2014/ ആ.വ.ഡ. തീയതി : 14/02/2019, 31/05/2019, 13/06/2019
4. Order No.FW(Spl.Cell)61647/07/DHS dated 10/08/2009
5. ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരിൽ നിന്നും ലഭിച്ചിരിക്കുന്ന അപേക്ഷകൾ

**ഉത്തരവ് നം. എഫ്.ഡബ്ലിയു.എ 4 - 19888/2014/ ആ.വ.ഡ. തീയതി : 20/06/2019**

ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-2 തസ്തികയിൽ നിന്നും ഗ്രേഡ്-1 തസ്തികയിലേക്ക് പരാമർശം 3 പ്രകാരം നടത്തിയ സ്ഥാനകയറ്റത്തിൽനിന്നും വിവരങ്ങൾ ലഭ്യമല്ലാത്തതു കാരണം ഒഴിവാക്കപ്പെട്ടിരുന്ന താഴെ പറയുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-2 ജീവക്കാരുടെ അപ്പീലുകൾ പരിഗണിച്ചുകൊണ്ടും കൂടാതെ കോഴിക്കോട് ജില്ലയിൽ നിലവിലുള്ള 3 ഗ്രേഡ്-1 ഒഴിവുകളിലേക്ക് സൂചന 4 സീനിയോരിറ്റി ലിസ്റ്റിൽ നിന്നും താഴെ പ്പറയുന്ന പ്രകാരം 26500 — 56700 എന്ന ശമ്പള സ്കെയിലിൽ സ്ഥാനകയറ്റം നൽകികൊണ്ടും ഉത്തരവാകുന്നു.

| Sl. No | Seniority No. | Name , Institution and District | Date of Birth | Allotted District | Remarks |
|---|---|---|---|---|---|
| 1 | 3107(A) | 270485 Graceamma K E PHC KUPPAPURAM, Alappuzha | 08-05-1967 | Alappuzha | |
| 2 | 3187 | 314629 Divya P PHC THACHAMPARA,Palakkad | 25-03-1977 | Kozhikode | |
| 3 | 3188 | 315356 Murfi Shereef R L Govt. W & C Hospital , Palakkad | 30-05-1981 | Kozhikode | |
| 4 | 3189 | 316671 Fathima P CHC CHERPULASSERY (Formerly PHC), Palakkad | 20-02-1977 | Kozhikode | |

(മറുപുറം)

ഇതിൽ സ്പാർക്കിൽ സേവനവിവരങ്ങൾ ലഭ്യമല്ലാത്ത ക്രമനമ്പർ 3186 ഈ സ്ഥാനകയറ്റ ഉത്തരവിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ഈ സ്ഥാനകയറ്റ ഉത്തരവിൽ ഉൾപ്പെടാത്തവർ ഏതെങ്കിലും സ്ഥാപനങ്ങളിൽ ജോലിചെയ്തു വരുന്നുണ്ടെങ്കിൽ അവരുടെ സേവനവിവരങ്ങൾ സ്പാർക്കിൽ ശരിയായി ഉൾപ്പെടുത്തിയ ശേഷം സ്ഥാപനമേധാവി അവരുടെ അപേക്ഷ ഈ ഉത്തരവ് പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 10 ദിവസങ്ങൾക്കുള്ളിൽ ഉചിതമാർഗ്ഗേന ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷ ലഭിക്കാത്ത പക്ഷം ടി ക്രമനമ്പറിൽ ടിയാൾ ജോലിചെയ്യുന്നില്ല എന്ന നിഗമനത്തിൽ ലിസ്റ്റിൽ നിന്നും ഒഴിവാക്കി അടുത്തയാളിന് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പരാമർശം 3 പ്രകാരം നടത്തിയ സ്ഥാനകയറ്റ ഉത്തരവവുകളിൽ ഉൾപ്പെട്ടിരുന്ന ജീവനക്കാരുടെ അപേക്ഷകൾ പരിഗണിച്ച് താഴെപ്പറയുന്ന രീതിയിൽ സ്ഥലംമാറ്റവും ഇതോടൊപ്പം നടത്തി ഉത്തരവാകുന്നു.

| **Sl. no** | **PEN** | **Name and institution** | **Allottede district in the order read 3rd cited** | **Allotted/ Re-allotted District** | **Allotted District** |
|---|---|---|---|---|---|
| 89 | 3142 | 270858 Bindu V<br>PHC KAVALAM, Alappuzha | Malappuram | Alappuzha | Retained in Alappuzha -For supportive care of her son as he has underwent kidney transplantation |
| 90 | 3140 | 440911 PushpaLatha Jacob<br>CHC MANNAR, Alappuzha | Alappuzha | Palakkad | For considering senior to Alappuzha |
| 11 | 3019 | 340451 Sheeja E<br>PHC Kannadi, Palakkad | Palakkad | Malappuram | As per the request |

മേൽ പരാമർശം ഉത്തരവ് 3 -ൽ ക്രമനമ്പർ 89 സീനിയോരിറ്റി നമ്പർ 3142 ആയി ആലപ്പുഴ ജില്ലയിൽ നിന്നും സ്ഥാനകയറ്റം നൽകിയ ശ്രീമതി.ബിന്ദു വി യുടെ ജനനതീയതി 02/06/1968 എന്ന് തെറ്റായി തെറ്റായിരേഖപ്പെടുത്തിയിരുന്നു. ആയത് തിരുത്തി താഴെ പറയുന്ന പ്രകാരം തിരുത്തി ഇതോടൊപ്പം ഉത്തരവാകുന്നു.

| **Sl.No** | **Sl.no. in the seniority list** | **Name and present institution** | **Date of Birth** | **Remarks** |
|---|---|---|---|---|
| 89 | 3142 | 270858 Bindu V<br>PHC KAVALAM, Alappuzha | **01-01-1977** | |

(മറുപുറം)

മേൽ പ്പറയുന്ന പ്രകാരം സ്ഥാനകയറ്റത്തിലൂടെ ജില്ലകളിൽ ഉണ്ടാകുന്ന ഒഴിവുകൾ അതതു ജില്ലാ മെഡിക്കൽ ഓഫീസർമാർ പി.എസ്.സി ക്ക് അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതും IDT ഒഴിവുകൾ ഈ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ് .

| District | PSC | IDT |
|---|---|---|
| ആലപ്പുഴ | 1 | 0 |
| പാലക്കാട് | 3 | 0 |

പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലവധി അവസാനിക്കാറായതിനാൽ മേൽ വിവരിക്കുന്ന രീതിയിൽ ഒഴിവുകൾ അടിയന്തിരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം ഉണ്ടാകാതിരിക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കുവാനും ഇതിനാൽ നിർദ്ദേശിക്കുന്നു.

സ്ഥാനകയറ്റം നൽകി അതതു ജില്ലകളിൽ തന്നെ നിലനിർത്തിയിരിക്കുന്ന ജീവനക്കാരുടെ സേവനപുസ്തകത്തിൽ സ്ഥാപന മേധാവികൾ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതും സ്പാർക്കിൽ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്. എല്ലാ സ്ഥാപന മേധാവികളും പകരക്കാരെ കാത്തുനിൽക്കാതെ സ്ഥലം മാറ്റപ്പെട്ടിട്ടുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും ജില്ലാ മെഡിക്കൽ ഓഫീസർമാർ അതതു ജില്ലകളിലേക്ക് അനുവദിച്ചിട്ടുള്ള ജീവനക്കാർക്ക് നിയമന ഉത്തരവ് നൽകേണ്ടതുമാണ്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് അനന്തര ആവശ്യങ്ങൾക്കായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

ഒപ്പ്
ഡോ. സെമീറ .എ
ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (എ&റ്റി)

സ്വീകർത്താക്കൾ - സ്ഥാപന മേധാവികൾ /ജീവനക്കാർ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ് വ്യക്തിഗത പകർപ്പ് അയച്ചുതരുന്നതല്ല)

പകർപ്പ്

1. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ് സൈറ്റ്.
2. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.
3. ഫയൽ

//ഉത്തരവിൻ പ്രകാരം//
സൂപ്രണ്ട്